(ഡി) മോട്ടോർ വാഹന നിയമത്തിലെ 71(3) സെക്ഷൻ പ്രകാരം കേന്ദ്രാനുമതിയോടെ നോട്ടിഫിക്കേഷൻ വഴി അഞ്ച് ലക്ഷത്തിൽ അധികം ജനസംഖ്യയുള്ള നഗരങ്ങളിൽ സിറ്റി റൂട്ടിലെ സ്റ്റേജ് കാര്യേജുകൾ നിയന്ത്രിക്കാവുന്നതാണ്. ഇതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) വാഹനാപകടം കുറയ്ക്കുന്നതിനായി ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പു തലവൻമാരും ഉൾപ്പെട്ട ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തു. കമ്മിറ്റിയുടെ തീരുമാനപ്രകാരം താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന പ്രക്രിയ നവീകരിച്ചു.

2. ബ്രീത്ത് അനലൈസറുടെ സഹായത്താൽ മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ ശിക്ഷിക്കുവാൻ നടപടി സ്വീകരിച്ചു.

3. അമിത ഭാരം കയറ്റുന്നത് തടയാൻ നടപടി സ്വീകരിച്ചു.

4. അധികം യാത്രക്കാരെ കയറ്റുന്നത് തടയാൻ നടപടി സ്വീകരിച്ചു.

5. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമ്പ്രദായം നവീകരിച്ചു.

6. ട്രാഫിക്ക് ക്രിമിനൽകുറ്റങ്ങളിൽ ഏർപ്പെടുന്നവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുവാനും റദ്ദുചെയ്യുവാനും വ്യവസ്ഥയുണ്ടാക്കി.

7. റോഡു സുരക്ഷാവാരാചരണത്തിലൂടെ ജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികളെടുത്തു. ഇത്തരം നടപടികൾ തുടർന്നും കൈക്കൊള്ളുന്നതാണ്.

81 (1046) ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ

പ്രൊഫ്. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ലേണേഴ്സ് ഉൾപ്പെടെയുള്ള ലൈസൻസ് ലഭിക്കുന്നതിന് പുതിയ പരിഷ്കാരത്തിലെ ചില വ്യവസ്ഥകൾ പൊതുജനങ്ങൾക്ക് ചില പ്രായോഗിക വൈഷമ്യങ്ങൾ ഉളവാക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം വൈഷമ്യങ്ങളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡ്രൈവിംഗ് ലൈസൻസ് കർശനവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി 20-7-98 മുതൽ പുതിയ രീതി പ്രാബല്യത്തിൽ വരുത്തുകയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായി. അതനുസരിച്ച് പഠന ലൈസൻസിനുള്ള എഴുത്തു പരീക്ഷാ കേന്ദ്രം ജില്ലാ ആസ്ഥാനത്താക്കുകയും ടെസ്റ്റ് കഴിയുന്ന മുറയ്ക്ക് പാസ്സാകുന്നവർക്ക് അപ്പോൾ തന്നെ പഠന ലൈസൻസ് നൽകുന്നതിന് ഏർപ്പാടുണ്ടാക്കുകയും ചെയ്തു. ഇതിനുപുറമെ ലൈറ്റ് മോട്ടോർ വെഹിക്കിൾ, ടൂ വീലർ, ത്രീവീലർ എന്നീ വാഹനങ്ങൾക്ക് രണ്ട് പാർട്ടായി ടെസ്റ്റു നടത്തുവാൻ തീരുമാനിച്ചു. ഹെവി വാഹനങ്ങൾക്ക് റോഡ് ടെസ്റ്റ് മാത്രം നിർബന്ധിതമാക്കി. കൂടാതെ പുതിയ ലൈസൻസിനുള്ള ടെസ്റ്റിനു വിധേയമാകുന്നവരുടെ എണ്ണം ഒരു ദിവസം 40 ആയി നിജപ്പെടുത്തുകയും ലൈസൻസിനുള്ള ഫീസ് ടെസ്റ്റിംഗ് ഗ്രൗണ്ടിൽ അടയ്ക്കുവാൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ആരംഭമെന്ന നിലയിൽ ഡ്രൈവിംഗ് ടെസ്റ്റ് ജില്ലയിൽ ഒരു കേന്ദ്രത്തിൽ മതിയെന്ന് തീരുമാനിച്ചു. എന്നാൽ അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് 2-11-1998 മുതൽ ജില്ലാ കേന്ദ്രങ്ങൾക്കുപുറമെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ഓരോ ടെസ്റ്റിംഗ് കേന്ദ്രങ്ങൾ കൂടി തുറന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ലൈസൻസ് ലഭിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ പരിഷ്കാരത്തിനെ സംബന്ധിച്ച് താഴെ പറയുന്ന ആവശ്യങ്ങളാണ് പരാതികളായി ഉന്നയിച്ചിട്ടുള്ളത്.

1. എല്ലാ യൂണിറ്റാഫീസുകളിലും ടെസ്റ്റിംഗ് സെന്ററുകൾ തുടങ്ങുക.
2. ലേണേഴ്സ് ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന താൽക്കാലിക മേൽവിലാസം കാരണം അപേക്ഷ നിരസിക്കാതിരിക്കുക.
3. കൂടുതൽ അപേക്ഷകരെ ടെസ്റ്റിനു വിധേയമാക്കുക.

ഇതിൽ, ആൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ വർക്കേഴ്സ് വെൽഫെയർ അസോസിയേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഹയർ ചെയ്ത ഒ.പി.നം.17177/98-ന്റെ വിധി പ്രകാരം, താൽക്കാലിക മേൽവിലാസം ഡ്രൈവിംഗ് സ്കൂളിന്റേതായി കാണിച്ചിട്ടുള്ള അപേക്ഷകൾ നിരസിക്കാൻ പാടില്ല എന്ന നിർദ്ദേശം 3-6-99-ൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ യൂണിറ്റാഫീസുകളിലും 1-8-99 മുതൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡ്രൈവിംഗ് ടെസ്റ്റ് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

82 (1047) വാഹനങ്ങളുടെ സർവ്വീസ് വെരിഫിക്കേഷൻ

ശ്രീ. വെങ്ങാനൂർ പി.ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത സമയത്തിനുള്ളിൽ വാഹനങ്ങളുടെ സർവ്വീസ് വെരിഫിക്കേഷൻ പൂർത്തിയാക്കുന്ന കാര്യത്തിൽ സർക്കാർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടോ;

(ബി) സർവ്വീസ് വെരിഫിക്കേഷൻ പൂർത്തിയാകാത്തതു കാരണം സർക്കാരിന് വാഹന ഉടമകളിൽനിന്നും കൂടിശ്ശിക തുക എന്തെങ്കിലും പിരിഞ്ഞു കിട്ടേണ്ടതായിട്ടുണ്ടോ;

(സി) എങ്കിൽ ആ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly